/

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1302 — 12/07/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## റിസർവ്വ് സബ് ഇൻസ്പെക്ടർമാരെ ലോക്കൽ പോലീസിലേക്ക് കൊണ്ടു വരുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) റിസർവ്വ് സബ് ഇൻസ്പെക്ടർമാരെ ലോക്കൽ പോലീസിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി ഡയറക്ടിലി റിക്രൂട്ടഡ് (ആർ.എസ്.ഐ)-മാർക്ക് മാത്രമായി എന്തെങ്കിലും ട്രെയിനിംഗ് തുടങ്ങുവാനായി അനുവാദം നൽകിയിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും ട്രെയിനിംഗ് പ്രോഗ്രാം നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഇന്റഗ്രേഷന്റെ ഭാഗമായി കേരളാ സിവിൽ പോലീസിലേക്കു വരുന്ന പി.സി.മുതൽ ആർ.എസ്.ഐ. വരെയുള്ളവർക്ക് ട്രെയിനിംഗ് നടത്തുന്നതിലേയ്ക്കായി 10/12/2010 ലെ ജി.ഒ(പി) 268/10/ആഭ്യ. നംപർ ഉത്തരവിന്റെ വെളിച്ചത്തിൽ സ്റ്റേറ്റ് പോലീസ് ചീഫ് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) ജസ്റ്റിസ് കെ.ടി.തോമസ് കമ്മീഷന്റെ പ്രധാന നിർദ്ദേശമായ എ.ആർ. കോൺസ്റ്റബിൾസിന്റെ ഇന്റഗ്രേഷൻ നടത്തുന്നതിനുമുമ്പ് ഒരു വിഭാഗം റിസർവ്വ് സബ്ഇൻസ്പെക്ടർമാരെ മാത്രം ലോക്കൽ സർവ്വീസിലേക്ക് കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) സബോർഡിനേറ്റ് സർവ്വീസിലെ എ.ആർ. പി.സി, എച്ച്.സി, എ.ആർ, എ.എസ്.ഐ, എ.ആർ. എസ്.ഐ തുടങ്ങിയ എല്ലാ വിഭാഗക്കാരെയും ഒന്നിച്ചാണ് കേരളാ സിവിൽ പോലീസിലേക്ക് കൊണ്ടുവരുന്നത്. ആർ.എസ്.ഐ.മാരെ മാത്രമായി കൊണ്ടു വരുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. |

| | |
|---|---|
| (സി) ഇങ്ങനെ ഇന്റഗ്രേറ്റ് ചെയ്യുമ്പോൾ നിലവിലുള്ള ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ സീനിയോറിറ്റി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (സി) എ.ആർ.കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ Expected date of promotion കണക്കാക്കിയാണ് പ്രമോഷൻ നൽകുന്നത്. ആയതിനാൽ ജനറൽ എക്സിക്യൂട്ടീവിന്റെ സീനിയോറിട്ടിയെ ബാധിക്കുന്നില്ല. |
| (ഡി) മുൻ സർക്കാർ ഉത്തരവാക്കിയ എ.ആർ.ഓഫീസർമാരുടെ ഇന്റഗ്രേഷൻ പുനഃപരിശോധിക്കുമോ ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) എ.ആർ. ക്യാമ്പിലെ ഓഫീസർമാരെ ലോക്കൽ പോലീസിൽ ഇന്റഗ്രേറ്റ് ചെയ്യുവാൻ നടപടി എടുക്കുമ്പോൾ പി.എസ്.സി. പുതുതായി ആർ.എസ്.ഐ.മാരുടെ തെരഞ്ഞെടുപ്പിന് പരീക്ഷ നടത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ ; | (ഇ) നേരിട്ട് നിയമനം നടത്തേണ്ട ആർ.എസ്.ഐ.തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) റിസർവ്വ് സബ് ഇൻസ്പെക്ടർമാരെ ലോക്കൽ പോലിസിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി കേരളാ പോലീസ് മേധാവി എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (എഫ്) കേരളാ സിവിൽ പോലീസിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി ഇറക്കിയ സർക്കുലറുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ